## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1772 — 25.03.2013-ൽ മറുപടിക്ക്

## ബാറുകൾക്ക് അനുമതി നൽകുന്നതിനുള്ള നിബന്ധനകൾ

**ചോദ്യം**

ശ്രീ.ചിറ്റയം ഗോപകുമാർ

**ഉത്തരം**

ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

---

ബാറുകൾക്ക് അനുമതി നൽകുന്നതിനുള്ള നിബന്ധനകളിൽ ഈ സർക്കാർ വരുത്തിയിട്ടുള്ള മാറ്റങ്ങളും, പുതിയ വ്യവസ്ഥകളും വിശദീകരിക്കാമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, 3 നക്ഷത്ര പദവി വരെയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നല്കുകയില്ല എന്ന് തീരുമാനമെടുക്കുകയും, അത് പ്രകാരം, ബന്ധപ്പെട്ട നിയമത്തിൽ മാറ്റം വരുത്തുകയും ചെയ്തു. 01.04.2012 മുതൽ 4 നക്ഷത്ര പദവിയുള്ള ഹോട്ടലുകൾക്കും, 01.04.2013 മുതൽ 25 മുറികളുള്ള പഞ്ചനക്ഷത്ര ഹോട്ടലുകൾക്കും മാത്രം എഫ്.എൽ.3 ലൈസൻസ് നല്കുകയുള്ളൂ എന്ന് തീരുമാനം എടുത്തിരുന്നു. കൂടാതെ, നിലവിലുള്ള ബാർ ഹോട്ടലിൽ നിന്ന് പഞ്ചായത്ത് പരിധിക്കുള്ളിൽ 3 കിലോമീറ്റർ ദൂരത്തിനുള്ളിലും, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിക്കുള്ളിൽ ഒരു കിലോമീറ്റർ ദൂരത്തിനുള്ളിലും സ്ഥിതി ചെയ്യുന്ന ഹോട്ടലുകൾക്ക് പുതുതായി ബാർ ലൈസൻസ് നല്കുകയില്ല എന്ന വ്യവസ്ഥ നിയമത്തിൽ കൊണ്ടുവന്നു. 4 നക്ഷത്രവും അതിലധികവും പദവിയുള്ള ഹോട്ടലുകൾക്കും, ഒബ്ജക്ഷണബിൾ സ്ഥാപനങ്ങളിലേയ്ക്കുള്ള ദൂരപരിധി 200 മീറ്റർ വേണമെന്ന് നിർബന്ധമാക്കി. കൂടാതെ, പഞ്ചായത്ത് രാജ് ആക്ടിലും, മുൻസിപ്പാലിറ്റി ആക്ടിലും കൊണ്ടുവന്ന ഭേദഗതിയിലൂടെ, പുതുതായി ബാർ ലൈസൻസ് അനുവദിക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തിന്റെയോ, മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെയോ സമ്മതം കൂടി വേണം എന്ന വ്യവസ്ഥ കൊണ്ടുവന്നു. സമഗ്രമായ മദ്യനയം രൂപീകരിക്കുന്നതിന് റിട്ട: ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ലഭിക്കുന്നതു വരെ ബാർ ലൈസൻസുകൾ പുതുതായി അനുവദിക്കേണ്ടതില്ല എന്ന് നയപരമായ തീരുമാനം എടുക്കുകയും, അതു പ്രകാരം, വിദേശമദ്യ ചട്ടത്തിൽ നിയമഭേദഗതി കൊണ്ടു വരുകയും ചെയ്തു.

സെക്ഷൻ ഓഫീസർ.